# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.185/PR/PIC/PHQ/14 Date : 16.07.2014

## വ്യാജ സി.ഡി കടത്ത്; പ്രധാനപ്രതി പിടിയിൽ

വ്യാജ സി.ഡി വിൽപ്പനയ്ക്കെതിരെ ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ ഒരാൾ പിടിയിലായി. പുനലൂർ ഹൈസ്കൂൾ വാർഡിൽ അഷ്നാ മൻസിലിൽ സുധീർ (38) ആണ് പിടിയിലായത്. തെക്കൻ കേരളത്തിൽ വ്യാജ സി.ഡി, അശ്ലീല ക്ലിപ്പിങ്ങുകൾ എന്നിവ വിതരണം ചെയ്യുന്ന ശൃംഖലയിലെ പ്രധാന കണ്ണിയും നിരവധി കേസുകളിലെ പ്രതിയുമാണ് ഇയാൾ. 100-ഓളം പുതിയ മലയാള സിനിമകളുടെ വ്യാജ സി.ഡിയും 5000-ത്തോളം അശ്ലീല ക്ലിപ്പിങ്ങുകളും ഇയാളിൽ നിന്നും പിടിച്ചെടുത്തിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കും അന്യസംസ്ഥാന തൊഴിലാളികൾക്കും അശ്ലീല ക്ലിപ്പിങ്ങുകൾ പകർത്തി നൽകുവാൻ ഇയാളുടെ നേതൃത്വത്തിൽ ഒരു സംഘം പ്രവർത്തിച്ചുവരുന്നുണ്ട്. തിരുവനന്തപുരം പേട്ട, പുനലൂർ പോലീസ് സ്റ്റേഷനുകളിൽ സി.ഡി കടത്തുമായി ബന്ധപ്പെട്ട് ഇയാൾക്കെതിരെ ഏഴ് കേസുകൾ നിലവിലുണ്ട്. ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന കേസിലും ഇയാൾ പ്രതിയാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും വൻതോതിൽ വ്യാജ സി.ഡികൾ കൊണ്ടുവന്ന് വിൽപന നടത്തുകയാണ് ഇയാളുടെ രീതി. പല പേരുകളിൽ ഇയാൾ സി.ഡി കൾ നടത്തിവന്നിരുന്നു.

ആന്റിപൈറസി സെൽ എസ്.പി ബി.വർഗീസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ആന്റിപൈറസി സെൽ ഡിവൈ.എസ്.പി എസ്.റഫീക്ക്, സി.ഐ ഡി.കെ.പൃഥ്വിരാജ്, എ.എസ്.ഐമാരായ മണികണ്ഠൻ നായർ, വിഷ്ണു പ്രസാദ്, അസ്സീം, സി.പി.ഒ രാജേഷ്, പുനലൂർ അഡീഷണൽ എസ്.ഐ ബാബു എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

**********